പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6744

01.11.2011-ൽ
മറുപടിയ്ക്കു്

**തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ മരാമത്ത് ജോലികൾ**

ചോദ്യം
ശ്രീ. സാജു പോൾ

ഉത്തരം
ശ്രീ. വി.എസ്. ശിവകുമാർ,
ഗതാഗതവും ദേവസ്വവും
വകുപ്പു മന്ത്രി.

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ മരാമത്തു ജോലികൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(എ) ബോർഡ് സ്വയംഭരണ സ്ഥാപനമാണ്. ബോർഡിൻെറ മരാമത്തു ജോലികൾ സർക്കാർ വിലയിരുത്താറില്ല.

(ബി) ക്ഷേത്രങ്ങളുടെ പുനരുദ്ധാ രണം, നവീകരണം മുതലായവയ്ക്കായി ഇക്കൊല്ലം വകയിരുത്തിയിട്ടുളള തുക എത്രയാണ്; പ്രവൃത്തികൾ ഏതെല്ലാം; ഓരോന്നിന്റെയും പുരോഗതി ഇവ അറിയിക്കുമോ;

(ബി) ക്ഷേത്രങ്ങളുടെ പുനരുദ്ധാരണം, നവീകരണം മുതലായവയ്ക്കായി 2011-2012 സാമ്പത്തിക വർഷത്തിൽ 13 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ക്ഷേത്ര ശ്രീകോവിലിൻെറ പുനർനിർമ്മാണം, ആനക്കൊട്ടിൽ, ചുറ്റമ്പലം, നാലമ്പലം മുതലായവയുടെ ജോലികൾ ഇതിൽ ഉൾപ്പെട്ടിട്ടുള്ളതാണ് എന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്.

(സി) കല്യാണമണ്ഡപങ്ങൾ, ക്ഷേത്രക്കുളങ്ങൾ, ചുറ്റുമതിലുകൾ മുതലായവയ്ക്കായി ആവിഷ്ക്കരിച്ചിട്ടുളള പദ്ധതികൾ എന്തൊക്കെയാണ്;

(സി) കല്ല്യാണമണ്ഡപങ്ങൾ പുതുതായി നിർമ്മിയ്ക്കുന്നത് അതതു സ്ഥലത്തെ ആവശ്യകത വിലയിരുത്തി ബഹു. ഹൈക്കോടതിയുടെ അനുമതിയോടുകൂടിയാണ്. ക്ഷേത്ര കുളങ്ങൾ, ചുറ്റുമതിലുകൾ ഇവയുടെ നിർമ്മാണം അറ്റകുറ്റപ്പണികൾ എന്നിവ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് ഘട്ടം ഘട്ടമായി ചെയ്യുവരുന്നു. ഒരു ലക്ഷം രൂപയിൽ കൂടുതൽ ചിലവു വേണ്ടിവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഓംബുഡ്സ്മാൻെറയും ബഹു. ഹൈക്കോടതിയുടെയും അനുമതി ആവശ്യമാണ്. ആയത് ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

| | | | |
|---|---|---|---|
| (ഡി) | ഇടത്താവളങ്ങളുടെ വിപുലീകരണത്തിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (ഡി) | ശബരിമലയിലേയ്ക്കുള്ള ഇടത്താവളങ്ങളിൽ അയ്യപ്പ ഭക്തൻമാർക്ക് വിശ്രമിക്കുന്നതിനും, കുടിവെള്ള വിതരണത്തിനും, പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഈ സ്ഥലങ്ങളിൽ സൗകര്യങ്ങൾ ഘട്ടംഘട്ടമായി വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | ടെണ്ടർ നടപടികളുടെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; | (ഇ) | ടെൻഡർ നടപടികൾക്ക് കാലതാമസം ഉണ്ടാകാറില്ല എന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്. |
| (എഫ്) | എൻജിനീയറിംഗ് വിഭാഗത്തെ ശക്തിപ്പെടുത്തുവാൻ തയ്യാറാകുമോ? | (എഫ്) | ഇക്കാര്യം ദേവസ്വം ബോർഡിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ